# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 314** **28/01/2019-ൽ മറുപടിയ്ക്ക്**

## ശരണബാല്യം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി.ദിവാകരൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) വനിതാ-ശിശു വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ശരണബാല്യം പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) ബാലവേല - ബാലഭിക്ഷാടന - തെരുവുബാല്യ മുക്തകേരളം എന്ന ലക്ഷ്യത്തിനായി വനിതാ - ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടപ്പാക്കി വരുന്ന ശരണബാല്യം പദ്ധതി സംസ്ഥാന വ്യാപകമായി ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചതോടൊപ്പം സ്റ്റേക്ക് ഹോൾഡേഴ്സിനെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ട്രെയിനിംഗ് പ്രോഗ്രാമുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ഫോക്കസ് ഡിസ്കഷൻ ഗ്രൂപ്പ് എന്നിവ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടത്തുന്നു. പോലീസ്, തൊഴിൽ വകുപ്പ്, വനം വകുപ്പ്, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, എക്സൈസ്, വിദ്യാഭ്യാസ വകുപ്പ്, കുടുംബശ്രീ, റെയിൽവേ എന്നീ വകുപ്പുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. കൂടാതെ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ, തൊഴിൽ വകുപ്പുമായി ചേർന്ന് റെയ്ഡുകൾ നടത്തി ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ, തെരുവിൽ അലയുന്നതും ഭിക്ഷ യാചിക്കുന്നതുമായ കുട്ടികൾ, തീർത്തും അനാഥരായ കുട്ടികൾ, കുട്ടിക്കടത്തിന് വിധേയമാകുന്ന കുട്ടികൾ, മറ്റ് വിഷമകരമായ സാഹചര്യത്തിലുള്ള കുട്ടികൾ, അതിക്രമങ്ങൾ- |

ക്കിരയാകുന്നതും അതിന് സാധ്യതയുള്ളതുമായ കുട്ടികൾ, മദ്യം, മയക്കുമരുന്ന്, ലഹരിപദാർത്ഥങ്ങൾ എന്നിവ ഉപയോഗിക്കുന്ന കുട്ടികൾ, ശൈശവവിവാഹത്തിന് വിധേയമാകാൻ സാധ്യതയുള്ള കുട്ടികൾ, മാതാപിതാക്കൾക്ക് സംരക്ഷിക്കാൻ ശേഷിയില്ലാത്തതിനാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾ, പട്ടികജാതി-പട്ടികവർഗ്ഗ-മറ്റ് പിന്നോക്ക വിഭാഗത്തിലെ കുട്ടികൾ, തുടർച്ചയായി സ്കൂളിൽ ഹാജരാകാത്ത കുട്ടികൾ, സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികൾ എന്നിവരാണ് ശരണബാല്യം പദ്ധതിയുടെ ലക്ഷ്യഗ്രൂപ്പുകൾ.

(ബി) ബാലവേലയും ഭിക്ഷാടനവും നടത്തിയിരുന്ന എത്ര കുട്ടികളെ പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ മോചിപ്പിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ശരണബാല്യം പദ്ധതിയുടെ ഭാഗമായി ബാലവേലയും ബാലഭിക്ഷാടനവുമായി ബന്ധപ്പെട്ട 28 കുട്ടികളെ റെസ്ക്യൂ ചെയ്തു.

(സി) ഇപ്രകാരം മോചിപ്പിച്ച കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും വിദ്യാഭ്യാസം നൽകുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) ശരണബാല്യം പദ്ധതിയുടെ ഭാഗമായി റെസ്ക്യൂ ചെയ്ത കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുൻപിൽ ഹാജരാക്കി, അന്യസംസ്ഥാനത്തെ കുട്ടികളെ അതാത് സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലേക്ക് പുനരധിവസിപ്പിച്ചും, വിദ്യാഭ്യാസം നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ